**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 641** **13-01-2021 - ൽ മറുപടിയ്ക്ക്**

**പ്രീപെയ്ഡ് മീറ്റർ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. ജോർജ് | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഇലക്ട്രിസിറ്റി പ്രീപെയ്ഡ് മീറ്റർ സംവിധാനം കേരളത്തിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശ്ശിക്കുന്നുണ്ടോ; | (എ) | ഇലക്ട്രിസിറ്റി പ്രീപെയ്ഡ് മീറ്റർ സംവിധാനം നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് ഇപ്പോൾ തീരുമാനിച്ചിട്ടില്ല. |
| (ബി) | ഈ സംവിധാനം വരുന്നതോടെ കുടിശ്ശിക രഹിത വരുമാനത്തിലൂടെ വിദ്യുച്ഛക്തി വകുപ്പിന് കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കാൻ കഴിയുമെന്ന കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പ്രീ പെയ്ഡ് സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കിയാൽ വൈദ്യുതി താരിഫിൽ ഉണ്ടാകാവുന്ന കുറവ് പരിശോധിക്കുവാൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടുവാനും, പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ ഭേദഗതികൾ റെഗുലേഷനിലും മറ്റു സംവിധാനങ്ങളിലും നടപ്പിലാക്കുവാനും കേന്ദ്ര സർക്കാർ സംസ്ഥാന ഗവൺമെന്റിനോട് 19.02.2020 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രീപെയ്ഡ് സ്മാർട്ട് മീറ്ററുകൾ ഏർപ്പെടുത്തുന്നത് പരിശോധിക്കുകയും മീറ്ററുകളുടെ ഇപ്പോഴത്തെ വിലനിലവാരമടക്കമുള്ള കാര്യങ്ങൾ പരിഗണിക്കുമ്പോൾ പ്രസ്തുത നിർദ്ദേശം കെ.എസ്.ഇ.ബി യ്ക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ